(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഭാഗ്യക്കുറി ടിക്കറ്റുകൾ രൂപകല്പന ചെയ്യുന്നതിന് പ്രൊഫഷണൽ ആർട്ടിസ്റ്റുമാരെ ഇന്റർവ്യൂ നടത്തി പാനൽ ഉണ്ടാക്കുകയും അവർക്കു ഓരോ ലോട്ടറിയുടെയും ടിക്കറ്റുകൾ രൂപകല്പന ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്യുന്നു. ലോട്ടറി നമ്പർ, ടിക്കറ്റിന്റെ സീരിസ്, നറുക്കെടുപ്പു തീയതി എന്നിവ ആർട്ടിസ്റ്റുമാർക്ക് വകുപ്പിൽ നിന്നും രേഖാമൂലം നൽകുന്നു. ടിക്കറ്റുകളുടെ രൂപ കല്പനകൾ നികുതി വകുപ്പ് സെക്രട്ടറി ഒപ്പിവച്ച ശേഷം ആവശ്യമുള്ള ടിക്കറ്റുകളുടെ എണ്ണം, വില്പന തുടങ്ങേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ സഹിതം ടിക്കറ്റുകൾ അച്ചടിക്കുന്നതിനുള്ള ഉത്തരവോടെ പ്രസ്സുകളിലേക്ക് നൽകുകയാണ് ചെയ്യുന്നത്.

(ഡി) ഈ കാലയളവിൽ 11,59,68,137 രൂപയുടെ സമ്മാനതുക സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്.

(ഇ) രണ്ടു അവകാശതർക്കങ്ങൾ കോടതിയിൽ നിലവിലുണ്ട്.

പുതിയ അബ്കാരി നയം

63 (1306) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള അബ്കാരി നയത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് 2001-2002 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ളത് ;

(ബി) 2000-2001 സാമ്പത്തിക വർഷത്തിൽ അബ്കാരി ലേല ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര ;

(സി) പുതിയ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ ലേല തുകയിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ;

(ഡി) ചാരായം നിരോധിച്ചതിനു ശേഷം കേരളത്തിൽ ഓരോ വർഷവും കള്ളുഷാപ്പുകളുടെ ലേലതുകയിൽ ഉണ്ടായ വർദ്ധനവ് എത്രയാണ് ;

(ഇ) വർദ്ധനവ് ഉണ്ടാകാൻ ഇടയായ കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

ഉത്തരം

(എ) ഇപ്പോഴത്തെ ലേല സമ്പ്രദായം നിർത്തലാക്കി പകരം കള്ള് ഉല്പാദനവും വിതരണവും കള്ളുഷാപ്പുകളുടെ നടത്തിപ്പും റെയ്ഞ്ചു തലത്തിൽ രൂപീകരിക്കുന്ന റ്റോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെത്തുതൊഴിലാളികളും, കള്ളുഷാപ്പു തൊഴിലാളികളും അംഗങ്ങളായി രജിസ്റ്റർ ചെയ്യുന്ന സഹകരണ സംഘങ്ങളെ ഏല്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

എഫ് എൽ 1 ഷോപ്പു നടത്തുവാനുള്ള അവകാശം കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനെയും, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷനെയും ഏല്പിക്കാനും അവർക്കുള്ള ഷാപ്പുകളുടെ സ്ഥലസൗകര്യവും അവരുടെ ശേഷിയും അടിസ്ഥാനമാക്കി ഷാപ്പുകൾ അനുവദിക്കുവാനും തീരുമാനിച്ചു.

(ബി) 269,40,04,182 രൂപ

(സി) ഇപ്പോൾ കണക്കാക്കാൻ കഴിയില്ല.

(ഡി)

1996-97	34,71,25,238 രൂപ
1997-98	67,56,14,213 രൂപ
1998-99	41,41,18,100 രൂപ
1999-2000	40,87,88,831 രൂപ
2000-2001	22,18,78,685 രൂപ

(ഇ) ഇല്ല.

മദ്യനിരോധന ദിവസങ്ങൾ

64 (1308) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ദിവസങ്ങളിലാണ് മദ്യനിരോധനം ഏർപ്പെടുത്തി വരുന്നുത് ;

(ബി) മദ്യനിരോധനം ഉണ്ടായിരുന്ന ഏതെങ്കിലും ദിവസങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ മദ്യം കച്ചവടം ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്നായിരുന്നു ഇങ്ങനെ മദ്യകച്ചവടം നടത്തിയിരുന്നത് ;

(ഡി) കുറ്റക്കാർ ആരെല്ലാമായിരുന്നു ; ഇവർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികൾ കൈക്കൊണ്ടിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

മദ്യദുരന്തം സംഭവിച്ചവർക്കുള്ള കുടുംബസഹായധനം

65 (1312) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly